**ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രാരംഭ പദ്ധതികൾ ആരംഭിക്കുവാനുള്ള സ്ഥലമായി ടൂറിസം വകുപ്പ് തിരഞ്ഞെടുത്തിരിക്കുന്നത് മാരാരിക്കുളത്തെയാണ്. പ്രാദേശിക ജനതയ്ക്ക് നിരവധി അവസരങ്ങൾ നല്കുന്നതാണ് ഉത്തരവാദിത്ത ടൂറിസമെന്ന് പറയുന്നുണ്ടെങ്കിലും മാരാരിക്കുളത്തെ അനുഭവങ്ങൾ വ്യത്യസ്തമാണ്.**

## മാരാരിക്കുളം

# തദ്ദേശീയർക്കുമേൽ ടൂറിസത്തിന്റെ കടന്നുകയറ്റം

**സജീർ അബ്ദുൾ റഹ്മാൻ**

ആലപ്പുഴ ജില്ലയിലുള്ള മാരാരിക്കുളത്തെ ഒരു കടലോരഗ്രാമത്തിൽ നാളുകളായി മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കി ജീവിച്ചുവരികയാണ് 52 വയസ്സ് പ്രായമുള്ള ടെൻസൺ. കടലിനോട് ചേർന്ന് 20 സെന്റ് സ്ഥലം ടെൻസാണ് സ്വന്തമായുണ്ടായിരുന്നു. അടുത്തിടെ തന്റെ മുഴുവൻ ഭൂമിയും ടൂറിസം ലോബിയുടെ ബിനാമികളായി വന്ന റിയൽ എസ്റ്റേറ്റ് മാഫിയക്കാർക്ക് വിൽക്കേണ്ടിവന്ന ദുരന്തകഥയാണ് ഇന്ന് ടെൻസണ് പറയാനുള്ളത്. 38 ആളുകൾ തന്റെ വീട്ടിലേക്ക് വരുകയും സ്ഥലം അവർക്ക് വിട്ടുകിട്ടുന്നതിനായി പലവിധത്തിൽ സ്വാധീനിക്കുകയും ചെയ്തതിന്റെ ഫലമായാണ് ടെൻസണ് ഭൂമി വിൽക്കേണ്ടിവന്നത്. "എന്നെപ്പോലെ ദരിദ്രനായ ഒരു മീൻപിടുത്തക്കാരന് ചുരുങ്ങിയ അറിവും ലോകപരിചയവും കൊണ്ട് എങ്ങനെയാണ് 38 പേരുടെ അരമണിക്കൂർ നീണ്ടുനിന്ന വാദഗതികളെ പ്രതിരോധിച്ച് നിൽക്കാൻ കഴിയുന്നത്. പ്രത്യേകിച്ച് സുനാമിയ്ക്ക് ശേഷം തീരദേശ പ്രദേശങ്ങളിൽ നടക്കുന്നത് അത്യന്തം കാര്യങ്ങളാണ്. മറ്റൊരു സുനാമിയുടെ സാദ്ധ്യതയും, മത്സ്യസമ്പത്തിന്റെ കുറവും മോശമായ ഒരു ഭാവികാലത്തെയും ഓർമ്മിപ്പിച്ച് ഭയങ്ങൾ എന്റെ മനസിൽ നിറച്ച് സ്ഥലം കയ്യടക്കാനുള്ള ശ്രമങ്ങളാണ് നടത്തിയത്. തീരപ്രദേശങ്ങളിൽ ആഗോളതാപനമുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും അവർ എന്നോട് പറഞ്ഞു. ഇതെല്ലാം പറഞ്ഞ് സ്ഥലം വിൽക്കുന്നതിന് എന്നെക്കൊണ്ട് സമ്മതിപ്പിക്കുകയും അതിന്റെ അഡ്വാൻസ് തുക അവർ തരികയും ചെയ്തു."



"പക്ഷെ എനിക്ക് അഡ്വാൻസ് തുക തിരികെ നൽകി കരാറിൽനിന്നും പൂർണ്ണമായും പുറത്തുവരണമെന്ന് ആഗ്രഹമുണ്ട്. തീരപ്രദേശത്ത് നിന്നും തീർത്തും വ്യത്യസ്തമായ ഒരു സാഹചര്യത്തിലേക്ക് പോകേണ്ടിവരികയാണെങ്കിൽ എനിക്ക് വലിയ നഷ്ടങ്ങൾ അത് വരുത്തിവെയ്ക്കും. ഇതിനായി പലതവണ അവരെ സമീപിച്ചെങ്കിലും കരാറിൽനിന്നും അഡ്വാൻസ് തിരികെ നൽകി പിന്മാറാനുള്ള കാലാവധിയായ ആറുമാസത്തേക്ക് അവർ മറുപടിയൊന്നും പറഞ്ഞില്ല. അതോടെ ആറുമാസം കഴിഞ്ഞ് ഭൂമി അവർക്ക് വിട്ടുനൽകേണ്ടതായി വന്നു. ഇപ്പോൾ തീരത്തുനിന്നും മൂന്ന് കിലോമീറ്റർ അകലെ ഒരു സ്ഥലത്തേക്ക് ഈ സ്ഥലം കൊടുത്ത കാശുകൊണ്ട് സ്ഥലം വാങ്ങി ഞാൻ അവിടേക്ക് മാറുകയാണ്. തീരദേശത്തുള്ള നിരവധിയാളുകൾ തങ്ങളുടെ സ്ഥലം വിറ്റ് ഈ പ്രദേശത്തേക്ക് മാറിത്താമസിക്കാൻ തുടങ്ങിയതോടെ ഇവിടെ ഭൂമിയുള്ളവർ സ്ഥലത്തിന് വില കൂട്ടിയിട്ടുണ്ട്. ഇത് എന്റെ മാത്രമല്ല തീരത്ത് താമസിക്കുന്ന നിരവധി ആളുകളുടെ അവസ്ഥയാണ്. ടെൻസൺ പറയുന്നു.

കേരളം ഉത്തരവാദിത്ത ടൂറിസത്തിന്റെ കേന്ദ്രമായി ഉയർത്തിക്കാണിക്കുന്നതിനുള്ള പ്രാരംഭ പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. മാരാരിക്കുളത്തെയും ടൂറിസം വകുപ്പ് ഇതിന്റെ ഭാഗമായാണ് ഉയർത്തിക്കാട്ടുന്നത്. പ്രാദേശിക ജനവിഭാഗത്തിന് നിര

വധി അവസരങ്ങൾ പ്രദാനം ചെയ്യുന്ന ഒന്നായാണ് മാരാരിക്കുളത്ത് സർക്കാർ ലക്ഷ്യംവച്ചിരിക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതികളെക്കുറിച്ച് അന്താരാഷ്ട്ര ഉത്തരവാദിത്ത ടൂറിസം സമ്മേളനത്തിന്റെ വെബ്സൈറ്റിൽ തന്നെ പറയുന്നുണ്ട്. പക്ഷെ വളരെ ചെറിയ തോതിലുള്ള സാമ്പത്തിക ലാഭം മാത്രമാണ് ഇവർ പറയുന്ന ഈ പ്രാദേശിക കച്ചവടക്കാർക്ക് ഇതുവഴി ലഭിക്കുന്നത്. വലിയ തോതിലുള്ള ലാഭം കൊയ്യുന്നത് ദക്ഷിണേന്ത്യയിലെമ്പാടും റിസോർട്ടുകളുള്ള വമ്പൻ ഗ്രൂപ്പുകളാണ്.

"മാരിക്കുളത്തെ 'മാരാരി ബീച്ച്' ആയി പ്രമോട്ട് ചെയ്തവർ അതിലൂടെ പൊതുഭൂമിയെ സ്വകാര്യവൽക്കരിക്കാനുള്ള ശ്രമങ്ങളാണ് നടത്തിയത്. ബീച്ചിനോട് ചേർന്ന് ഇവർ നിർമ്മിച്ച റിസോർട്ട് അവിടെയുള്ള ജനങ്ങളുടെ സുഗമമായ ജീവിതത്തെയും നിത്യവൃത്തിക്കായുള്ള മാർഗ്ഗങ്ങളെയും വിനോദത്തിനായി ഒത്തുകൂടിയിരുന്ന ഇടങ്ങളെയും കൃഷിയെയുമൊക്കെയാണ് നശിപ്പിച്ചത്. ജനകീയ പ്രതിഷേധങ്ങൾ ഉയർന്നുവന്നതോടെ റവന്യൂ വകുപ്പ് പ്രത്യേക കർമ്മസേന വഴി ഭൂമി തിരിച്ചുപിടിക്കുകയുണ്ടായി. കുറെ നാളത്തേക്ക് റിസോർട്ടുടമ ആ ഭൂമി ഉപയോഗിച്ചില്ല. എന്നാൽ ഇപ്പോൾ വീണ്ടും അവർ ആ ഭൂമി അവരുടേതാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കടലിൽനിന്നും അവരുടെ ഭൂമിയെ വേർതിരിക്കാനായി മതിലോ മറ്റേതെങ്കിലും തരത്തിലുള്ള അതിരോ അവർ ഇതേവരെ നിർമ്മിച്ചിട്ടില്ല. തീരത്തോട് ചേർന്നുള്ള ഭാഗത്ത് കടലാണ് ഇപ്പോൾ അവരുടെ അതിർത്തി. തുടർന്നുകൊണ്ടിരിക്കുന്ന ഭൂമി കച്ചവടങ്ങളും കൈമാറ്റങ്ങളും സ്വകാര്യ വ്യക്തികളുടെ കയ്യിലേക്ക് തീരപ്രദേശം കേന്ദ്രീകരിക്കുന്നതിനും നിരവധി ടൂറിസം ലോബികൾ കടന്നുവരുന്നതിനും കാരണമാകും. സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ലാൽ തോയിപറമ്പിൽ പറയുന്നു.

ടൂറിസം വികസനത്തിന്റെ ഭാഗമായുണ്ടായ റിയൽ എസ്റ്റേറ്റ് മാഫിയകളുടെ കടന്നുവരവ് ഈ പ്രദേശത്ത് മത്സ്യത്തൊഴിലാളികൾ കുടിയൊഴിപ്പിക്കപ്പെടുന്നതിന് കാരണമായിത്തീർന്നിരിക്കുകയാണ്. റിസോർട്ടുകൾക്ക് ഭൂമി കൈമാറ്റം നടത്തി തീരത്ത് നിന്നും മാറിതാമസിക്കേണ്ടി വന്നവർക്ക് നഷ്ടമായത് നൂറ്റാണ്ടുകൾ പഴക്കമുള്ള തങ്ങളുടെ ജീവിതചര്യകളും സ്വസ്ഥമായ ആവാസവ്യവസ്ഥയുമാണ്. പണമെറിഞ്ഞുള്ള കമ്പോള തന്ത്രങ്ങളാണ് നാളുകളുടെ പിന്നോക്കാവസ്ഥയുള്ള കടലോര പ്രദേശത്തെ മുക്കുവ ജനതയ്ക്ക് മേൽ മാഫിയകൾ പ്രയോഗിക്കുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് കമ്പോള നിയന്ത്രണ സമ്പ്രദായങ്ങളെയും ആശ്രയിച്ചിരിക്കുന്ന തങ്ങളുടെ പരമ്പരാഗത മത്സ്യബന്ധനത്തൊഴിലിൽ നിന്നുള്ള വരുമാനത്തിന് ഏറ്റക്കുറച്ചിലുള്ളതിനാൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പലരും പെട്ടെന്ന് കൈയിൽ വരുന്ന തുക മാത്രം കണക്കിലെടുത്ത് ഭൂമി വിൽക്കാൻ തയ്യാറായിരിക്കുകയാണ്. പ്രദേശത്തിലെ ജനങ്ങളുടെ അറിവില്ലായിമയേയും ദാരിദ്ര്യത്തേയും അവർ ഒരുപോലെ ചൂഷണം ചെയ്യുന്നു. മാരാരിക്കുളം തീരത്തിന്റെ പലഭാഗങ്ങളിലും ഈ പ്രവണതകൾ നമുക്ക് കാണാൻ കഴിയും.

വളരെ ശാന്തമായ കടലോരമാണ് മാരാരിക്കുളത്തേത്. കടൽ ഭിത്തിപോലുമില്ലാത്ത സുന്ദരമായ ബീച്ച് മാരാരിക്കുളത്തിന്റെ പ്രത്യേകതയാണ്. മാരാരിക്കുളത്തിന്റെ കിഴക്ക് ഭാഗത്തുള്ള പഞ്ചായത്തുകൾ വേമ്പനാട് കായലിന്റെ സാന്നിദ്ധ്യം കൊണ്ട്, തടാകങ്ങളും നദികളും കനാലുകളുമൊക്കെ ചേർന്ന് വ്യത്യസ്ഥമായ സഞ്ചാരാനുഭവം തരുന്ന പ്രദേശങ്ങളാണ്. യാത്രകൾക്കായും ചരക്ക് കൊണ്ടുപോകുന്നതിനും ഇവിടുത്തുകാർ ഈ ഉൾനാടൻ ജലഗതാഗതത്തിന്റെ സൗകര്യങ്ങളാണ് ഉപയോഗിക്കുന്നത്. ഉൾനാടൻ മത്സ്യബന്ധനവും ഇവിടെ പതിവാണ്. കേരളത്തിന്റെ വാണിജ്യ നഗരവും പ്രധാന ടൂറിസം കേന്ദ്രവുമായ എറണാകുളത്തിന്റെ തെക്കുഭാഗത്ത് നിന്നും ആലപ്പുഴയുടെ തെക്കുഭാഗത്തേക്ക് വേഗത്തിലുള്ള ഗതാഗത സൗകര്യം സാധ്യമാകും വിധം തീരദേശ ഹൈവെ ഉടൻ യാഥാർത്ഥ്യമാകും. മാരാരി ബീച്ചിലേക്ക് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും 90 കി.മീ ദൂരവും, കൊച്ചി നഗരത്തിൽ നിന്നും 60 കി.മീ ദൂരവും, തലസ്ഥാന നഗരിയിൽ നിന്നും 160 കി.മീ ദൂരവുമാണുള്ളത്. തിരുവനന്തപുരത്ത് നിന്നും എറണാകുളത്തേക്ക് പോകുന്ന ദേശീയപാതയിൽ നിന്നും മാരാരിയിലേക്ക് പോകുന്നതിന് 5 കി.മീ ദൂരം മാത്രമാണുള്ളത്. ഈ യാത്രാസൗകര്യങ്ങളാണ് മാരാരിക്കുളത്തെ നാളയുടെ പ്രധാന ടൂറിസം കേന്ദ്രമാക്കി മാറ്റിക്കൊണ്ടിരിക്കുന്നത്.

തദ്ദേശീയരുടെ പക്കൽ നിന്നും റിയൽ എസ്റ്റേറ്റ് മാഫിയകൾ ടൂറിസം ലോബികൾക്ക് കൈമാറിക്കഴിഞ്ഞാൽ അവർ ഭൂമി വിട്ടുകൊടുത്ത തദ്ദേശീയരെ ഉപയോഗിച്ച് തന്നെ കടൽ തീരത്തോട് ചേർന്ന് ഭൂമിയുള്ള വിൽക്കാൻ താത്പര്യമുള്ളവരെ കണ്ടെത്തുന്നു. കൊടുക്കാൻ കഴിയുന്ന പണത്തേക്കാൾ വലിയ അളവാണ് മിക്കപ്പോഴും വാഗ്ദാനം നൽകുന്നത്. മാരാരിക്കുളത്ത് ഭൂമിയുടെ വില സെന്റിന് 10000 രൂപയുള്ളതിൽ നിന്നും 75000 രൂപയിലേക്ക് അടുത്തിടെ വർദ്ധിക്കുകയുണ്ടായി. അതോടെ സാമ്പത്തിക മൂല്യമുള്ള ഏക വസ്തു ഭൂമിമാത്രമാണെന്ന ധാരണ പ്രദേശത്തെ ജനങ്ങൾക്കിടയിൽ പടർന്നിട്ടുണ്ട്. വലിയ തുക അഡ്വാൻസായി ലഭിച്ചാലുടൻ ഭൂമി വിട്ടുകൊടുക്കുകയാണ് തദ്ദേശീയരിൽ മിക്കവരും. പണം കൊടുത്ത് റിയൽ എസ്റ്റേറ്റ് ബ്രോക്കർമാർ സ്ഥലം അവരുടെ പേരിൽ എഴുതി വാങ്ങുന്നു. ഇങ്ങിനെ ചെറിയ ചെറിയ അളവിൽ ഭൂമി വാങ്ങിക്കൂട്ടിയ ശേഷം റിയൽ എസ്റ്റേറ്റുകാർ വലിയ വിലയ്ക്ക് ഇത് വമ്പൻ റിസോർട്ട് ഗ്രൂപ്പുകൾക്ക് കൈമാറുന്നു. കടുത്ത പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ മാരാരിക്കുളം പ്രദേശത്ത് രണ്ട് വർഷമായി തുടർച്ചയായി നടന്നു വരുന്നു. ഭൂമി വിറ്റവർ തീരത്തിന്റെ കിഴക്കൻ ഭാഗത്ത് പകരം സ്ഥലം കണ്ടെത്താൻ തുടങ്ങിയതോടെ അവിടെയും വില ഭീമമായി ഉയർന്നിരിക്കുകയാണ്.

നിരവധി പ്രത്യേകതകളുള്ള ഒരു സമൂഹമായിരുന്നു മാരാരിക്കുളത്തെ തീരപ്രദേശത്തുണ്ടായിരുന്നത്. ജന

സാന്ദ്രതയേറിയ ഈ പ്രദേശത്ത് അതിരുകളും മതിലുകളുമില്ലാത്ത വീടുകളിൽ താമസിച്ചിരുന്ന ഇവർക്കിടയിൽ സാമൂഹിക ബന്ധങ്ങൽ വളരെ ശക്തമായിരുന്നു. ആന്ദവും ദുഖങ്ങളും നിറഞ്ഞ നിമിഷങ്ങളെല്ലാം വ്യത്യാസങ്ങളില്ലാതെ ഇവർ പരസ്പരം പങ്കുവച്ചിരുന്നു. പൊതുസമൂഹവുമായി ഇവർക്ക് പരിമിതമായ ഇടപെടലുകൾ മാത്രമാണുണ്ടായിരുന്നത്. തീരപ്രദേശത്തെ വാസസ്ഥലങ്ങളെല്ലാം വിറ്റൊഴിഞ്ഞ് പോകുന്നതോടെ ഇവർക്ക് സാമൂഹിക ബന്ധങ്ങൾ നഷ്ടമാവുകയും കടലോരം മത്സ്യബന്ധനത്തൊഴിലുമായി ബന്ധപ്പെട്ട ഒരു സ്ഥലം മാത്രമായിത്തീരുകയും ചെയ്തു. ഇപ്പോൾത്തന്നെ ഇവിടെ വളർന്നുവരുന്ന തലമുറ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലുകളെ അവരുടെ വരുമാന മാർഗ്ഗമായി കാണാൻ താത്പര്യപ്പെടുന്നില്ല. പൊതുധാരയിലെ അണുകുടുംബ ഘടനയുടെ രൂപങ്ങളിലേക്ക് ഇവരും പതിയെ എത്തിച്ചേരുകയാണ്. പണത്തിന്റെ ആധിക്യം ഇവർക്കിടയിൽ പ്രശ്നങ്ങൾ സൃഷ്ട്ടിക്കുകയും പരസ്പര വിശ്വാസ്യത നഷ്ട്ടപ്പടുവാൻ കാരണമാവുകയും ചെയ്തു.

മാരാരിക്കുളത്ത് വരാനിരിക്കുന്ന റിസോർട്ടുകൾ കടലോരങ്ങൾ ടൂറിസ്റ്റുകൾക്ക് മാത്രമുള്ള സ്ഥലമാക്കി മാറ്റാനാണ് ആഗ്രഹിക്കുന്നത്. പാരമ്പര്യമായ തദ്ദേശീയരായ തൊഴിലാളികൾ വള്ളങ്ങൾ നിർത്താനും ഉറങ്ങാനും യോഗങ്ങൾ കൂടാനും മീൻവലകൾ സൂക്ഷിക്കുന്നതിനും മീൻ ഉണക്കുന്നതിനുമാണ് ഈ സ്ഥലം ഉപയോഗിച്ചിരുന്നത്. ടൂറിസം വികസനമുണ്ടായിട്ടുള്ള എല്ലായിടത്തെയും പോലെ ഇവിടെയും പ്രാദേശിക ജനവിഭാഗം റിസോർട്ടുകളുടെ കടന്നുകയറ്റത്തോടെ പൊറുതിമുട്ടാനാണ് സാദ്ധ്യത.


ഭൂമി വിൽപ്പന നടക്കുമ്പോഴെല്ലാം പ്രാദേശികമായി തീരുമാനങ്ങളെടുക്കുന്നത് പുരുഷന്മാരാണ്. സ്ത്രീകളുടെ അഭിപ്രായങ്ങൾ ഇക്കാര്യത്തിൽ ഇവരാരും തിരക്കാറില്ല. ഭൂമി വിറ്റ് കിഴക്കൻ പ്രദേശങ്ങളിലേക്ക് പോയ പുരുഷന്മാരിലേറെ പേർക്കും അറിയാവുന്ന ഏക തൊഴിൽ മത്സ്യബന്ധനമാണ്. അതുകൊണ്ടുതന്നെ തൊഴിൽ സ്ഥലത്തേക്കെത്താൻ ഇന്ന് അവർക്ക് ഏറെ ദൂരം താണ്ടേണ്ടതുണ്ട്. അതിരാവിലെ 3 മണിയോടെയാണ് പലരും കടൽപ്പുറത്തേക്ക് വീടുകളിൽ നിന്നും തിരിക്കുന്നത്. അതിനാൽ അവരുടെ വീടുകളിൽ സ്ത്രീകൾ കൂടുതൽ സമയവും ഒറ്റയ്ക്ക് കഴിയേണ്ടിവരുന്നു. പുതിയൊരു സ്ഥലമായതുകൊണ്ടു കൂടി കൂടുതൽ സുരക്ഷിതത്വമില്ലായ്മ സൃഷ്ടിക്കും.

സ്ഥലം വിറ്റ് പോകേണ്ടി വന്ന പുരുഷന്മാരിലധികവും സ്വന്തമായി വള്ളങ്ങളുള്ളവരായിരുന്നു. എന്നാൽ സ്ഥലം വിറ്റുപോകാൻ തീരുമാനിച്ചതോടെ അവർ അവരുടെ വള്ളങ്ങളും വിൽക്കുകയുണ്ടായി. അവരിൽ പലരും മത്സ്യബന്ധനമല്ലാതെയുള്ള തൊഴിലുകളറിയാത്ത ഒരു വിഭാഗം ആളുകൾ വള്ളങ്ങൾ വിറ്റ് കുറെപേർ പോയതോടെ കടലിലിറങ്ങാൻ മാർഗ്ഗമില്ലാതെ വിഷമിക്കുകയാണ്.

ഈ പ്രദേശത്ത് കടൽ പിൻവലിഞ്ഞുണ്ടായ നിരവധി സ്ഥലങ്ങൾ പ്രദേശവാസികൾ അവരുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നു. രേഖകൾ പ്രകാരം അവർക്കവകാശപ്പെട്ട ഭൂമിയല്ലെങ്കിലും തെങ്ങ് വച്ചുപിടിപ്പിക്കാനാണ് പലരും ഈ സ്ഥലത്തെ ഉപയോഗിച്ചത്. പൊതുജനങ്ങൾക്കും ഈ സ്ഥലങ്ങൾക്ക് മേൽ സ്വതന്ത്രമായ അവകാശങ്ങളുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ ഔദ്യോഗിക രേഖകളില്ലാത്ത ഈ സ്ഥലവും റിയൽ എസ്റ്റേറ്റുകൾ പണം നൽകി വാങ്ങുകയാണ്. അതോടെ സ്വകാര്യ വ്യക്തികൾക്ക് മാത്രം ഉപയോഗിക്കാവുന്ന തരത്തിലേക്ക് ഈ സ്ഥലത്തിനുമേലുള്ള അധികാരങ്ങൾക്ക് വ്യത്യാസം വരുന്നു.

ഇന്ത്യയുടെ തീരദേശ പരിപാലന നിയമം, 1991ന് കടകവിരുദ്ധമായ പ്രവർത്തനങ്ങളാണ് മാരാരിക്കുളത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കൈയ്യേറ്റങ്ങളും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും ഇവിടെ വ്യാപകമാണെന്ന് ആർക്കും വ്യക്തമാണ്. തീരദേശത്ത് ടൂറിസം ഉൾപ്പെടെയുള്ള നിരവധി വ്യവസായങ്ങൾക്ക് സ്ഥലം നൽകുന്നതിനായി തീരദേശ പരിപാലന നിയമത്തിന് ഭേദഗതികൾ വരുത്തി അതിന്റെ സംരക്ഷണാധികാ

**തീരപ്രദേശത്തെ വാസസ്ഥലങ്ങളെല്ലാം വിറ്റൊഴിഞ്ഞ് പോകുന്നതോടെ മാരാരിക്കുളത്തുകാർക്ക് സാമൂഹിക ബന്ധങ്ങൾ നഷ്ടമാവുകയും കടലോരം മത്സ്യബന്ധനത്തൊഴിലുമായി ബന്ധപ്പെട്ട ഒരു സ്ഥലം മാത്രമായിത്തീരുകയും ചെയ്തു.**



രങ്ങൾ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. പുതിയതായി വാങ്ങുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിയമതടസ്സങ്ങൾ കാരണം അത്രയധികം നടത്താറില്ല. നിയമപ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി പഞ്ചായത്ത് വീട്ടുനമ്പറും വൈദ്യുതി ഉപഭോക്തൃ നമ്പറും വാട്ടർ അതോറിറ്റിയിൽ നിന്നുള്ള രേഖകളും കൈവശമുള്ള വീടുകൾ ഉൾപ്പെടുന്ന വീടുകളുമുള്ള സ്ഥലങ്ങളാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ടൂറിസം ലോബികൾ തിരഞ്ഞുപിടിച്ച് വാങ്ങുന്നത്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ തീരദേശ പരിപാലനനിയമം അത് നിലവിൽ വന്ന കാലം മുതൽക്കേ ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. തീരദേശ പരിപാലന നിയമത്തിന്റെ പുതിയ രൂപമായ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ വരുന്നതോടെ ടൂറിസം വ്യവസായങ്ങൾ വലിയ തോതിൽ തീരദേശ ആവാസവ്യവസ്ഥയെയും പരിസ്ഥിതിയേയും നശിപ്പിക്കാനുള്ള സാദ്ധ്യതകൾ കൂടി വരുന്നു.

സർക്കാരിന്റെ നയങ്ങളിലൊന്നും തന്നെ തീരദേശത്തിന്റെ ഉടമസ്ഥാവകാശത്തെപ്പറ്റി വ്യവസ്ഥകളൊന്നുമില്ല. കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ടൂറിസം വ്യവസായത്തിന്റെ പേരിൽ നടക്കുന്ന പ്രത്യക്ഷവും പരോക്ഷവുമായ കുടിയൊഴിപ്പിക്കലുകൾ സർക്കാർ തലത്തിൽ പരിഗണിക്കപ്പെടുന്നതേയില്ല. ടൂറിസം വ്യവസായത്തിനായി ഭൂമി ഉപയോഗിക്കുന്നതിനെക്കുറിച്ച് നയങ്ങളൊന്നും 2007ൽ പുറത്തിറങ്ങിയ ഭൂനയത്തിൽ പറയുന്നില്ല. ഭൂമി ലാന്റ് സോണുകളായി മാറുകയും അനുയോജ്യമായ ഭൂവിനിയോഗ രീതികൾ വരുകയും ചെയ്യുമെന്ന് മാത്രമാണ് നയത്തിൽ ആകെ പറയുന്നത്. ഇതിനായി സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നോ എപ്പോഴാണെന്നോ പരാമർശങ്ങളൊന്നുമില്ല. ബീച്ച് ടൂറിസവും കായൽ ടൂറിസവും മത്സ്യബന്ധന മേഖലയിലെ ജനങ്ങളുടെ സാമ്പത്തിക നിലവാരം ഉയർത്താൻ കഴിയുന്നതായിരിക്കണമെന്ന് ഫിഷറീസ് നയത്തിൽ പറയുന്നുണ്ടെങ്കിലും സംഭവിച്ചുകൊണ്ടിരിക്കുന്നത് നേർവിപരീതമാണ്.

മാരാരിക്കുളത്തെ ഭൂമി വാങ്ങൽ തന്ത്രങ്ങൾ റിസോർട്ട് മാഫിയകൾ കേരളത്തിലെമ്പാടും പ്രയോഗിക്കുന്നുണ്ട്. കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനായി കൊട്ടിഘോഷിച്ച് നടത്തിയ മൂന്നാർ ഓപ്പറേഷന്റെ സമയത്ത് മാരാരിക്കുളത്തും കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ നടപടി നടക്കുകയുണ്ടായി. പൊതുസ്ഥലം കയ്യേറിയ ഒരു റിസോർട്ടിന്റെ ഭൂമി മാരാരിക്കുളത്ത് പിടിച്ചെടുത്തെങ്കിലും വേണ്ടത്ര മാധ്യമശ്രദ്ധ ലഭിക്കാതിരുന്നതിനാൽ പൊതുസമൂഹം അറിയാതെപോയി. മൂന്നാറിലെ പാരിസ്ഥിതിക-സാമൂഹിക സാഹചര്യങ്ങളിൽ നിന്നും വ്യത്യസ്തമായി മാരാരിക്കുളത്ത് തീരദേശവും തീരദേശത്ത് മത്സ്യബന്ധനത്തൊഴിലുമായി കഴിയുന്ന ജനവിഭാഗങ്ങളുമാണ് ടൂറിസം വികസനത്തിന്റെ ഭാഗമായി ദുരിതങ്ങളനുഭവിക്കുന്നത്. ഈ പ്രവണതകൾക്കെതിരെ ശക്തമായി പ്രവർത്തിക്കുന്ന പ്രദേശത്തെ ഒരു വികാരിയുടെ കണക്കുപ്രകാരം ആലപ്പുഴയുടെ തീരപ്രദേശങ്ങളിലെ 4000-5000 ഏക്കർ ഭൂമി ഇപ്പോൾ റിയൽ എസ്റ്റേറ്റ് ബ്രോക്കർമാരുടെ പക്കലാണ്. ആയിരത്തിലധികം കുടുംബങ്ങൾ തീരങ്ങളിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ സാമൂഹിക, സാംസ്കാരിക, പാരിസ്ഥിതിക നരവംശശാസ്ത്ര പഠനങ്ങൾ ഈ പലായനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് നടക്കേണ്ടതുണ്ട്. സിവിൽ സമൂഹത്തിന്റെയും അക്കാദമീഷ്യന്മാരുടെയും സംഘടനകളുടെയും മാധ്യമങ്ങളുടെയും ശ്രദ്ധ വിഷയത്തിൽ അടിയന്തരമായി പതിയേണ്ടിരിക്കുന്നു.

*sajeerhere@yahoo.co.in*
*9447218282*

## സീറോവേസ്റ്റ് - കോവളം

ZERO WASTE KOVALAM

കോവളത്തെ മാലിന്യരഹിത ടൂറിസം പ്രദേശമായി മാറ്റുന്നതിനായി ടൂറിസം വകുപ്പിന്റേയും തണൽ എന്ന പരിസ്ഥിതി സംഘടനയുടെയും ഗ്രാമപഞ്ചായത്തിന്റേയും ഹോട്ടൽ-ടൂറിസ വ്യവസായികളുടെയും വലിയൊരു ശ്രമം നടക്കുന്നു. വിഭവങ്ങൾ പാഴാക്കൽ തടയൽ, പുനരുപയോഗം കൂട്ടൽ, തകരാറുകൾ പരിഹരിയ്ക്കൽ, ഉപഭോഗത്തിന്റെ അളവ് കുറയ്ക്കൽ, പുനഃചംക്രമണം, നിരോധിക്കൽ അല്ലെങ്കിൽ ഘട്ടമായി ഉന്മൂലനം ചെയ്യൽ, കമ്പോസ്റ്റിങ്ങ് അഥവാ ജൈവവള നിർമ്മാണം തുടങ്ങിയവയിലൂടെ പാഴ്വസ്തുക്കളെ പരിഹരിക്കാൻ സീറോവേസ്റ്റ് ശ്രമിക്കുന്നു. സമൂഹത്തിന്റെ എല്ലാ മേഖലകളിൽ പ്രവർത്തിക്കുന്നവരും എല്ലാ പ്രായക്കാരും ഒരുപോലെ പങ്കെടുക്കുമ്പോൾ മാത്രമേ സീറോവേസ്റ്റ് യാഥാർത്ഥ്യമാകൂ. അവരുടേതായ പങ്കുവഹിക്കാനുണ്ടെന്ന് വസ്തുത മനസ്സിലാക്കിയുള്ള പ്രവർത്തനങ്ങൾ മാത്രമേ ലക്ഷ്യം കാണുകയുള്ളൂ.

*കൂടുതൽ വിവരങ്ങൾക്ക് : തണൽ, എച്ച്-3, ജവഹർനഗർ, കവടിയാർ പി.ഒ., തിരുവനന്തപുരം-695 003. www.thanal.org, സീറോവേസ്റ്റ് സെന്റർ, കോവളം പി.ഒ., തിരുവനന്തപുരം-695 527*

## ആവശ്യമുണ്ട്

മനസ്സിൽ നന്മയും മതിയായ യോഗ്യതയുമുള്ള വനിതാ സോഷ്യൽ വർക്കേഴ്സിന്റെ സേവനം ആവശ്യമുണ്ട്.

*ബന്ധങ്ങൾക്ക് : പുനർജനി ചാരിറ്റബിൾ ട്രസ്റ്റ് ഫോർ ഡി-അഡിക്ഷൻ & റിഹാബിലിറ്റേഷൻ, പൂമല പി.ഒ., തൃശൂർ. ഫോൺ : 0487 2201332. www.p.narjani.org.*

## പ്ലാച്ചിമട സമരം ഏഴാംവർഷത്തിലേക്ക്

**കേരളീയം പ്രത്യേക പതിപ്പ്**
**ഏപ്രിൽ 22**

ഗസ്റ്റ് എഡിറ്റർ :
ഡോ. ടി.ടി. ശ്രീകുമാർ

മാറ്ററുകളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നു.

## കേരളീയം കൂട്ടായ്മ

താങ്കളുടെ സഹായം തേടുന്നു
കൂട്ടായ്മ അംഗത്വം 10,000 രൂപ
ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് 8000 രൂപ
ഇന്ത്യയിൽ 5,000 രൂപ
വാർഷിക വരിസംഖ്യ 12 ലക്കം
ഇന്ത്യയിൽ 240 രൂപ
സ്ഥാപനങ്ങൾക്ക് 500 രൂപ
വിദേശത്തേക്ക് 1000 രൂപ
കത്തുകൾ, വാർത്തകൾ, സംഭാവന
വരിസംഖ്യ ബന്ധപ്പെടുക :
കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 9447674375